പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 810    01.03.2017-ൽ മറുപടിയ്ക്ക്

## ആദിവാസി കോളനിക്കാരുടെ പുനരധിവാസം

ചോദ്യം
ശ്രീ.കെ. ബാബു

മറുപടി
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ
പിന്നോക്കസമുദായക്ഷേമവും നിയമവും
സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ്
മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | നെല്ലിയാമ്പതി പഞ്ചായത്തിലെ ചെറുനെല്ലി ആദിവാസി കോളനിക്കാരുടെ പുനരധിവാസം സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. ചിറ്റൂർ താലൂക്കിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന പട്ടികവർഗ്ഗ കോളനിയാണ് ചെറുനെല്ലി. നിലവിൽ 17 പട്ടികവർഗ്ഗ കാടർ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണ് ഇവിടെ താമസിക്കുന്നത്. 2009-10 വർഷം വനാവകാശ നിയമ പ്രകാരം 10 അപേക്ഷകളാണ് ലഭിച്ചതെങ്കിലും യഥാർത്ഥത്തിൽ 5 കുടുംബങ്ങളാണ് താമസിച്ചു വന്നിരുന്നത്. ബാക്കി 5 കുടുംബങ്ങൾ ഉപകുടുംബങ്ങളാണ്. ടി 5 കുടുംബങ്ങൾക്ക് വനാവകാശ പ്രകാരം 2.5879 ഹെക്ടർ ഭൂമി നൽകിയിട്ടുണ്ട്. ബാക്കി കുടുംബങ്ങൾക്ക് ടി.ആർ.ഡി.എം. പദ്ധതി പ്രകാരം ഭൂമി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| ബി) | നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്ന പ്രസ്തുത കോളനിക്കാരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | ബി) | ചെറുവള്ളി കോളനി നിവാസികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി റവന്യൂ, പട്ടികവർഗ്ഗ ഉദ്യോഗസ്ഥർ കോളനി സന്ദർശിച്ച് കോളനി നിവാസികളുമായി ചർച്ച നടത്തി പുനരധിവാസത്തിനായുള്ള സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്ത കോളനി നിവാസികൾക്ക് ജാതി സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ട്. |
| സി) | ഇവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഏതെങ്കിലും സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുനരധിവാസം എന്ന് സാധ്യമാക്കാൻ കഴിയുമെന്നും വിശദമാക്കുമോ? | സി) | പുനരധിവാസവുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് വേണ്ടി റവന്യൂ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ